"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

തിരുവനന്തപുരം ജില്ലയിലെ നെല്ലനാട് ഗ്രാമപഞ്ചായത്തിലെ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം - കൃഷി ഓഫീസ്, എൽഎസ്ജിഡി എൻജിനീയറിംഗ് വിംഗ്, കുടുംബശ്രീ, ലൈബ്രറി എന്നിവ പ്രവർത്തിക്കുന്ന കെട്ടിടം പൊളിച്ചു മാറ്റുന്നതിന് അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ആർഎ) വകുപ്പ്

സ.ഉ.(സാധാ) നം.158/2025/LSGD തീയതി, തിരുവനന്തപുരം, 17-01-2025

---

പരാമർശം:-

1. നെല്ലനാട് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 31.07.2023-ലെ 1(2) നമ്പർ തീരുമാനം.
2. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 04.04.2024-ലെ LSGD/PD/19063/2023-REV1 നമ്പർ കത്ത്.
3. തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയറുടെ 23.10.2024-ലെ LSGD/PD/20269/2024-DB1 നമ്പർ കത്ത്.

## ഉത്തരവ്

തിരുവനന്തപുരം ജില്ലയിലെ നെല്ലനാട് ഗ്രാമപഞ്ചായത്തിലെ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട് നിലവിലുള്ള കൃഷി ഓഫീസ്, എൽഎസ്ജിഡി എൻജിനീയറിംഗ് വിംഗ്, കുടുംബശ്രീ, ലൈബ്രറി എന്നീ ഓഫീസുകൾ പ്രവർത്തിക്കുന്ന ജീർണ്ണാവസ്ഥയിലുള്ള 7/1040, 7/1043, 7/1044, 7/1045 എന്നീ നമ്പർ കെട്ടിടങ്ങൾ പൊളിച്ചു നീക്കുന്നതിന് പരാമർശം(1) പ്രകാരം പഞ്ചായത്ത് ഭരണസമിതി തീരുമാനമെടുത്തിട്ടുണ്ടെന്നും എൽഎസ്ജിഡി എഞ്ചിനീയറിംഗ് വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയിട്ടുള്ള വാല്യുവേഷൻ കം സർവ്വേ റിപ്പോർട്ട് പ്രകാരം കെട്ടിടത്തിന്റെ അസസ്ഡ് മൂല്യം 1,60,823/- രൂപയും ഡിമോളിഷൻ ചാർജ് 2,96,900/- രൂപയുമായതിനാൽ ടി കെട്ടിടങ്ങൾ പൊളിച്ചു നീക്കാൻ സർക്കാർ അനുമതി നൽകണമെന്നും പരാമർശം (2) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു.

2) പ്രസ്തുത കെട്ടിടം unfit ആണെന്ന് റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിൽ കെട്ടിടം ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ട് ഉപയോഗിച്ച് പൊളിച്ചു മാറ്റാവുന്നതാണെന്ന് പരാമർശം (3) പ്രകാരം ചീഫ് എഞ്ചിനീയർ ശിപാർശ ചെയ്തിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം ജില്ലയിലെ നെല്ലനാട് ഗ്രാമപഞ്ചായത്തിലെ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട്, നിലവിൽ കൃഷി ഓഫീസ്, എൽഎസ്ജിഡി എൻജിനീയറിംഗ് വിംഗ്, കുടുംബശ്രീ, ലൈബ്രറി

എന്നിവ പ്രവർത്തിക്കുന്ന ജീർണ്ണാവസ്ഥയിലുള്ള 7/1040, 7/1043, 7/1044, 7/1045 എന്നീ നമ്പർ കെട്ടിടങ്ങൾ ഉപയോഗയോഗ്യമല്ലാത്തതിനാൽ ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ടുപയോഗിച്ച് പൊളിച്ചു മാറ്റുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
H MUHAMMED FAISAL
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ജില്ല ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി, നെല്ലനാട് ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( ഓഡിറ്റ് /എ&ഇ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ് ( വെബ് ആന്റ് ന്യൂ മീഡിയ) ( ഗവൺമെന്റ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ (LSGD-RA1/96/2024-LSGD)

ഉത്തരവിൻ പ്രകാരം
Signed by
Shini Pereira. V
Date: 17-01-2025 15:06:15
സെക്ഷൻ ഓഫീസർ